**Mr. M. K. Devassy** (*Adur*): I suggest the names of Messrs. Ikkanda Warriar and Ayyappan also.

**Mr. C. A. Kunjunny Raja** (*Advocate-General*): Mr. Ramachandra Ayyar may also be included in the Committee.

**Dr. A. R. Menon** (*Minister for Rural Development*): I propose Mr. Mathai also.

**Mr. Deputy President**: The question is that the Cochin Removal of Civil Disabilities Bill be referred to a Select Committee consisting of Messrs. M. K. Devassy, Ikkanda Warriar, K. Ayyappan, T. A. Ramachandra Ayyar, V. J. Mathai, the Advocate-General and the mover.

*The question was put and carried.*

**Mr. Deputy President**: The Advocate-General will be the Chairman of the Committee, and the Committee has to report within 3 months.

## The Cochin Village Panchayat Act Amendment Bill (*cont.*)

*മിസ്റ്റർ കെ. അയ്യപ്പൻ: സർ, ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ അവതരിപ്പിച്ച പഞ്ചായത്ത് ആക്ട് ഭേദഗതി ബിൽ പാസ്സാക്കേണ്ട വലിയ ആവശ്യം ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. പഞ്ചായത്തുകളുടെ കാലം മുന്നു കൊല്ലമെന്നതിനെ അഞ്ചുകൊല്ലം ആക്കി മാറേണ്ട ആവശ്യം തിച്ചയായിട്ടും ഇല്ല. ഏതെങ്കിലും ഒരു കാര്യപരിപാടി എടുത്തു നടത്തുവാൻ സമയം തികയാതെ വരുന്ന ഒരു ഗവൺമെൻറിനാണ് ഇതെല്ലാം ആവശ്യമുള്ളത്. മുന്നു കൊല്ലംതന്നെ ഇരിക്കേണ്ട ആവശ്യമുണ്ടോ എന്നും എനിക്കു സംശയമുണ്ട്. (ഹിയർ, ഹിയർ). പഞ്ചായത്തിൻെറ പേരിൻെറ വിഷമംകൊണ്ടു മെമ്പറാകുവാൻ പാടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി അവർകളും പറയുകയുണ്ടായി. പഞ്ചപാണ്ഡവന്മാർ എന്നുള്ളതു ഏഴുപാണ്ഡവന്മാർ ആക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. മിസ്റ്റർ മത്തായി പറഞ്ഞതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഇപ്പോൾ 60 രൂപ വെച്ചിട്ടുള്ളതിൻെറ ഭരണംതന്നെ ശരിക്കു നടത്തുന്നുണ്ടെന്നു തെളിയിക്കാറായിട്ടില്ല. ഒരു പ്രധാനസംഗതി അധികംപേരും യോജിച്ചു പറഞ്ഞതു നോമിനേഷൻ മാറ്റി റിസർവേഷൻ ആക്കിയാൽ കൊള്ളാമെന്നാണ്. അങ്ങിനെ വരുമ്പോൾ മൈനോറിറ്റി കമ്മ്യൂണിറ്റിസിനെ സംബന്ധിച്ചിടത്തോളം ഇതു പ്രയോജനകരമാകുമോ എന്നു സംശയമാണ്. ഇപ്പോൾ ഗവൺമെൻറ് നോമിനേഷനാണു നടത്തുന്നതു്. ഈ നോമിനേഷൻ മാറ്റി റിസർവ്വേഷനാക്കുന്നതുകൊണ്ടു് എന്തെങ്കിലും ദോഷം വന്നാൽ മെജോറിറ്റി കമ്മ്യൂണിറ്റിസ് ഗവൺമെൻറിനെയാണു കൂടുതൽ പറയുന്നതു്. അങ്ങിനെ വരുമ്പോൾ പ്രബലസമുദായത്തിൻെറ നോമിനേഷൻ മാറുവാൻ സാധിക്കുമോ എന്നസംശയം വളരെ സംശയമാണ്. ഈ റിസർവ്വേഷൻ സമ്പ്രദായം വളരെ പ്രയാസമുള്ള ഒന്നാണ്. ചില സ്ഥിതിഗതികളിൽ റിസർവ്വേഷൻ സമ്പ്രദായം നന്നായേക്കാം. പക്ഷേ അങ്ങിനെ നന്നാകുവാൻവേണ്ടി മാത്രം അതു കുറെക്കൂടി നീണ്ടുപോയാൽ വലിയ തരക്കേടൊന്നും വരാനില്ല. ഒരു ബിൽ മിനിസ്റ്റർ കൊണ്ടുവരുന്നു എന്നു പറയുന്നുണ്ട്. മിനിസ്റ്ററുടെ ബില്ലു വരുമ്പോൾ ഇതുപോലെയുള്ള എതിരുകളൊന്നും വരുവാൻ ഇടയാകാതിരുന്നാൽ കൊള്ളാം. ഇപ്പോൾ ഈ ഗവസമുദായത്തിനു റിസർവ്വേഷൻ കൊടുത്തുകഴിഞ്ഞാൽ അതു അവർക്കു വളരെ

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നല്ലതാണ്. പക്ഷെ അവരെ ഉദ്ദേശിച്ചുള്ള പഞ്ചായത്തുകൾക്കു അധികാരം കൊടുക്കേണ്ടതു്. മൈനോറിറ്റി കമ്മ്യൂണിറ്റിയിൽപ്പെട്ട പുലയർ, ഹരിജൻസ് വേട്ടുവർ മുതലായവക്കാണു്. ആ സമുദായങ്ങൾക്കു് അതാതു സ്ഥലങ്ങളിൽ അവരുടെ ശക്തി പ്രയോഗിക്കാൻ സൌകര്യമുണ്ടായിരിക്കയില്ല. എന്തായാലും ഈ ബില്ലിന്റെ അവതാരകൻ അതു പിൻവലിക്കുകയാണു നല്ലതെന്നാണു് എനിക്കു തോന്നുന്നതു്.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ ബില്ലിനെ സംബന്ധിച്ചു സംസാരിക്കുവാൻ എനിക്കു വലിയ ആശയൊന്നുമുണ്ടായിരുന്നില്ല. ഇതു വന്നവഴിക്കുതന്നെ മടങ്ങിപ്പോകുമെന്നാണു ഞാൻ വിചാരിച്ചിരുന്നതു്. പക്ഷെ ഓരോ സംസാരങ്ങൾ ഈ ബില്ലിനെ സംബന്ധിച്ചു വന്നപ്പോൾ അതിന്റെ സ്പിരിറ്റുകൊണ്ടു് രണ്ടുവാക്കു പറയാതെ നിവൃത്തിയില്ലെന്നു വന്നു. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള ചില ഭേദഗതികൾ ആവശ്യവുമാണു്, ചില ഭേദഗതികൾ തീരെ അനാവശ്യവുമാണു്. ഈ കൊല്ലം എന്നുള്ളതു് ഒരിക്കലും അനുവദിക്കാൻ പാടില്ലാത്ത സംഗതിയാണു്. പഞ്ചായത്തിനോടു വളരെ അടുത്തു പരിചയിച്ചിട്ടുള്ള ഒരുവൻ മൂന്നുകൊല്ലത്തിൽനിന്നു കുറഞ്ഞതു് അനുവദിക്കുവാൻ ഒരിക്കലും സമ്മതിക്കയില്ല. നിയമസഭാ തിരഞ്ഞെടുപ്പു തന്നെ കൊല്ലത്തിൽ ഒരിക്കൽ ഉണ്ടായാൽ കൊള്ളാം എന്നു അഭിപ്രായക്കാരനാണു ഞാൻ. പൊതുനിയോജകമണ്ഡലത്തിൽ ഞങ്ങൾക്കു തിരഞ്ഞെടുപ്പുണ്ടായകാലത്തു് നിയമസഭാ തിരഞ്ഞെടുപ്പിനു കൊല്ലംതോറും ഞങ്ങളെ തിരഞ്ഞെടുക്കപ്പെടുമെന്നും അങ്ങിനെ തിരഞ്ഞെടുപ്പു വരുമ്പോഴെങ്കിലും വലിയ ജന്മിമാരും പ്രഭുക്കന്മാരും കൊല്ലത്തിൽ ഒരിക്കൽ എങ്കിലും സാധുക്കളുടെ അടുക്കൽ വരുമല്ലോയെന്നും അങ്ങിനെ വന്നു അവരുടെ കൊമ്പു് ഒടിഞ്ഞുപോകുമെന്നും വിചാരിച്ചിരുന്നവനാണു് ഞാൻ. പഞ്ചായത്തു തിരഞ്ഞെടുപ്പിനു് ആവശ്യമായ നികുതിയുള്ളവർക്കോ പരീക്ഷായോഗ്യതയുള്ളവർക്കോ മാത്രമേ മെമ്പർമാരാകുവാൻ പാടുള്ളൂ എന്നുവരുമ്പോൾ ചെത്തുകാരുടെ അടുക്കലായാലും ക്ഷുരവേലക്കാരുടെ അടുക്കലായാലും ആ ഉയർന്ന സമുദായത്തിനു രണ്ടു നല്ല വാക്കു പറയുവാൻ ഇടവരും.

ഇപ്പോൾ നോമിനേഷൻ സമ്പ്രദായത്തിൽ പല അഴിമതികളും നടക്കുന്നുണ്ടു്. ഇതു മിനിസ്റ്റർ വിചാരിച്ചാലും പെട്ടെന്നു നിർത്തുവാൻ സാധിക്കയില്ല. അദ്ദേഹത്തിനു താഴെനിന്നു വരുന്ന കടലാസുകൾ നോക്കി ഒപ്പുവയ്ക്കുമെന്നുള്ളതല്ലാതെ എല്ലാസ്ഥലത്തും പോയി ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം നോക്കി നോമിനേറ്റുചെയ്യുവാൻ സാധിക്കയില്ല. അതിനൊരുദാഹരണം പറയാം. കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ തിരഞ്ഞെടുപ്പു കഴിഞ്ഞു. ആ തിരഞ്ഞെടുപ്പിനു നില്ക്കുവാൻ കുസ്തുനികളും കൌണ്ടന്മാരുമുണ്ടായിരുന്നു. എന്നാൽ നായന്മാരാരും ഏലക്ഷനുണ്ടായിരുന്നില്ല. പിന്നീടു നോമിനേറ്റുചെയ്തതു് ഒരു കൌണ്ടനെയാണു്. ഇങ്ങിനെ പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങൾക്കു നോമിനേഷൻ കിട്ടുവാൻ വളരെ പ്രയാസമുണ്ടു്. ഇങ്ങിനെ പല സ്ഥലത്തും പല കുഴപ്പങ്ങളും നേരിട്ടതുകൊണ്ടു് അതു വരാതെ കഴിക്കുവാൻ ഈ റിസർവേഷൻ സമ്പ്രദായം പറയുമെന്നുണ്ടെങ്കിൽ അതിലും പല ആക്ഷേപങ്ങളുണ്ടു്. ഒരുകാലത്തു് ഈ പഞ്ചായത്തുകളിലെല്ലാം നോമിനേഷൻ മാത്രമായിരുന്നു. പിന്നെ ജനകീയകക്ഷികളുടെ ആക്ഷേപം വന്നപ്പോൾ ഒരുഭാഗം ഏലക്ഷനും ഒരുഭാഗം നോമിനേഷനുമാക്കി. തിരഞ്ഞെടുപ്പിൽ വിജയസിദ്ധിക്കാത്ത സമുദായക്കാർക്കാണു് നോമിനേഷൻ കൊടുത്തുവന്നിരുന്നതു്. ഇപ്പോഴത്തെ നോമിനേഷൻ സമ്പ്രദായം തിരഞ്ഞെടുപ്പിൽ വിജയസിദ്ധിയുള്ള

*Speech not corrected by the hon'ble member.

ആക്കെങ്കിലും പ്രസിഡൻറ്സ്ഥാനം കിട്ടണമെന്നുണ്ടെങ്കിൽ അവരുടെ സമുദായത്തെ നോമിനേറ്റ് ചെയ്യുകയാണ്". ഇങ്ങിനെ പല കുഴപ്പങ്ങളുമുള്ളതുകൊണ്ട് അതെല്ലാം ഈ ബില്ലുകൊണ്ട് നേരെയാക്കാൻ സാധിക്കയില്ല. പഞ്ചായത്തു മെമ്പർസ്ഥാനത്തിനു തെങ്ങിൻറെ മുകളിൽ കയറുന്നവനായാലും പനയുടെ മുകളിൽ കയറുന്നവനായാലും അവക്കൊക്കും അർഹതയില്ലെന്നു ബഹുമാനപ്പെട്ട തോട്ടക്കാരുടെ മെമ്പർ പറഞ്ഞതിനോട് യോജിക്കുവാൻ നിവൃത്തിയില്ല. ഭാഷയെ തല്ലുന്നവർ വക്കീലന്മാരായാലും ചെത്തുകാരായാലും ആരായാലും ആ കാരണംകൊണ്ട് പഞ്ചായത്തു മെമ്പറാകുവാൻ യോഗ്യതയുള്ളവരല്ലെന്നു പറയുന്നതു ശരിയല്ല. കുത്തുമാങ്ങയുടെ ഉള്ളിൽക്കുടിയൊ റബ്ബറിൻറെ ഉള്ളിൽക്കുടിയൊ തെങ്ങിൻറെ ഉള്ളിൽക്കുടിയൊ കള്ളിൻറെ ഉള്ളിൽക്കുടിയൊ ആണ് ബുദ്ധിവെച്ചിരിക്കുന്നതെന്നു പറഞ്ഞാൽ അതിനു അർത്ഥമില്ല. അല്ലാത്മരാമായണം എഴുതിയ എഴുത്തച്ഛൻ എപ്പോഴും കുടിയനായിരുന്നു എങ്കിലും അദ്ദേഹം മഹാ സമർത്ഥനായിരുന്നു എന്നു എല്ലാവരും സമ്മതിക്കുന്നുണ്ട്". അതുപോലെ തൊഴിൽ ഏതു ചെയ്യുന്നവനായാലും അവനു കാര്യപ്രാപ്തിയുണ്ടോ എന്നുമാത്രമെ നോക്കേണ്ടതുള്ളൂ. നമ്മുടെ ബഹുമാനപ്പെട്ട തോട്ടക്കാരുടെ മെമ്പറുടെ പറമ്പിൽ താമസിക്കുന്ന ഒരാൾ, അയാൾ പനചെത്തുകാരനായതുകൊണ്ട് പഞ്ചായത്തു മെമ്പറായികഴിഞ്ഞാൽ ആ മെമ്പർസ്ഥാനത്തിനു വിലയില്ലെന്നോ പഞ്ചായത്തിനു വിലയില്ലെന്നോ പറയുന്നതു ശരിയല്ല. ഈ ബില്ലിൻറെ ആവശ്യം ഇപ്പോൾ ഇല്ലെന്നുവന്നിരിക്കുന്നതുകൊണ്ടും, കഴിഞ്ഞ പഞ്ചായത്തു കോൺഫ്രൻസിൽവെച്ചു നമ്മുടെ ഗ്രാമോദ്ധാരണമന്ത്രി ഒരു ബിൽ കൊണ്ടുവരാമെന്നു പറഞ്ഞിട്ടുള്ളതിനെ കാത്തിരിക്കുവാനുള്ള അവസരം കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടും, എൻറെ ബഹുമാനപ്പെട്ട സ്നേഹിതൻ കുന്നംകുളം മെമ്പർ ഇതിനെ പിൻവലിക്കണമെന്നു അപേക്ഷിക്കുകയും ഈവക സംഗതികളിൽ ഉച്ചനീചത്വം നോക്കാതെ എല്ലാവരോടും പെരുമാറണമെന്നും അങ്ങിനെ അല്ലാത്തവരോടു അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

*മിസ്റ്റർ കെ. പി. വള്ളോൻ: സർ, ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ അദ്ദേഹത്തിനു ചെയ്യാവുന്ന വിധത്തിലുള്ള അധ:കൃതോദ്ധാരണം അദ്ദേഹം ചെയ്തിട്ടുണ്ട്". എങ്കിലും സാധാരണയായി അധ:കൃതോദ്ധാരണത്തിനു മിക്കവാറും തെറ്റാവുന്ന ഒരു തെറ്റു അദ്ദേഹത്തിനും പറ്റിപ്പോയിട്ടുണ്ടെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ ബില്ലിൽ നോമിനേഷൻ സമ്പ്രദായത്തെ പരിഷ്കരിക്കുന്ന ഒരു ഭാഗം അദ്ദേഹം കൊണ്ടുവന്നിട്ടുണ്ട്. അതു ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ പറഞ്ഞതുപോലെ വിലകൂട്ടക്കും മറവും മെച്ചം കിട്ടുന്നതിനുവേണ്ടിയാണെന്നു തോന്നുന്നില്ല

നേഷനിൽ തന്നെ പല തെറ്റുകളും ഇതിനുമുമ്പ് വന്നിട്ടുണ്ട്. അതെല്ലാം അതാതു കാലത്തു നോമിനേറ് ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥന്റെ പ്രവൃത്തിയുടെ ഫലംപോലെയിരിക്കും. ചേരാനെല്ലൂർ പഞ്ചായത്തിൽ നോമിനേഷൻ കിട്ടുവാൻവേണ്ടി പല സമുദായങ്ങളും ആവശ്യപ്പെട്ടിരുന്നു. പുലയരും ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ ഒട്ടധികം കാലമായി ആ പഞ്ചായത്തിൽ നായർസമുദായത്തിൽപ്പെട്ട ആളുകളാണ ധാരാളമായി ഉണ്ടാകാറു പതിവുള്ളതു്. ബഹുമാനപ്പെട്ട മുകുന്ദപുരം ഇഴവമെമ്പർ പറഞ്ഞതുപോലെ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ നായർ സമുദായത്തിൽപ്പെട്ട ഒരാൾക്ക നോമിനേഷൻ കിട്ടണമെന്നാവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതവണ നായരല്ലാത്ത ഒരാൾക്കാണ" ആ നോമിനേഷൻ കിട്ടിയിരിക്കുന്നതു് എങ്കിലും ഈവക കാര്യങ്ങളിൽ അധികവും നോമിനേഷൻകൊണ്ടു എപ്പോഴും ഇങ്ങിനെയുള്ള വിഷമങ്ങൾ വരുമെന്നു വിചാരിക്കുവാനും യാതൊരു നിവൃത്തിയുമില്ല. ഈ മാതിരിയുള്ള അവശതകളെ ന്യായമായവിധത്തിൽ പരിഹരിക്കുവാൻ ഉതകുന്ന ഒരു ബിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ കൊണ്ടുവരും എന്നുള്ളതു ഇവിടത്തെ സ്വരംകൊണ്ടുതന്നെ നമുക്കെല്ലാം ആശ്വസിക്കാം. അതുകൊണ്ടു ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ഈ ബിൽ പിൻവലിക്കുന്നതാണ് നല്ലതെന്നു ഞാൻ അഭ്യർത്ഥനയോടഭ്യർത്ഥിക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പ്രസിഡൻറ് സർ, ഈ ബില്ലിനെപ്പറ്റി ഈ സഭയിലുണ്ടായ വാദപ്രതിവാദത്തെ നിഷ്പക്ഷമായി വീക്ഷിക്കുന്നതായാൽ കൊച്ചിക്കു പുറമെയുള്ളവർ കൊച്ചിയിലെ രാഷ്ട്രീയ മനസ്ഥിതിയുള്ളവർ സങ്കുചിതമനസ്ഥിതിയുള്ളവരോ എന്നു ധരിക്കുമോ എന്നു് ഞാൻ ഭയപ്പെടുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: അവരുടെ പ്രാപ്തിയെപ്പറ്റിയായിരിക്കും അധികം പറയുക.

മിസ്റ്റർ സി. വി. ഇയ്യു: ഇന്നിവിടെ നടപ്പിലിരിക്കുന്ന നമ്മുടെ ഭരണപരിഷ്കാരംതന്നെ മറക്കുള്ളവർ വേണ്ടെന്നുവെച്ചതാണെന്നു അവർ ആക്ഷേപിക്കുന്നുണ്ടു്. ഏതാണ്ടു അതുപോലെയുള്ള ഒരു ഭരണസമ്പ്രദായമാണ" ഇവിടേയും നടത്തിവരുന്നതു്. മദിരാശി സംസ്ഥാനത്തിൽ ഇപ്പോൾ നടപ്പുള്ള പഞ്ചായത്തു ഭരണമാണ" ഈ ബിൽകൊണ്ടു ഞാൻ വിവക്ഷിച്ചിട്ടുള്ളതു്. എന്നാൽ വിദ്യാഭ്യാസത്തിൽ വളരെ മുന്നണിയിൽ നില്ക്കുന്ന ഈ കൊച്ചിരാജ്യത്തു പഞ്ചായത്തുകളിൽ എങ്കിലും ജനാധിപത്യഭരണം നടപ്പിൽ വരുന്നതിനു വളരെ അധികം പ്രയാസങ്ങൾ ഉണ്ടെന്നു ഈ സഭയുടെ ഇന്നത്തെ നിലകൊണ്ടു വന്നുകൂടിയിട്ടുള്ളതിൽ വാസ്തവത്തിൽ എനിക്കു വളരെ വ്യസനം തോന്നുന്നുണ്ടു". ജനാധിപത്യത്തിന്റെ നേതാക്കന്മാർ എന്നു വിചാരിക്കപ്പെടേണ്ട ആളുകൾ ജനാധിപത്യതത്തെമാത്രം ആശ്രയിച്ചു കൊണ്ടുവന്നിട്ടുള്ള നോമിനേഷൻസമ്പ്രദായം നിർത്തലാക്കി റിസർവ്വേഷൻസമ്പ്രദായം ഏർപ്പെടുത്തണമെന്നു ആവശ്യപ്പെട്ടതിനെ പല ഭാഗങ്ങളിൽനിന്നും എതിർക്കുന്നതിനൊ സംശയത്തോടുകൂടി വീക്ഷിക്കുന്നതിനൊ ഇടവന്നതിൽ വാസ്തവത്തിൽ ജനാധിപത്യത്തെക്കുറിച്ചു കാംക്ഷിക്കുന്ന കക്ഷിയിൽ ഉള്ളവർക്കും പുറമെ ഉള്ളവർക്കും വേദനതോന്നാതിരിക്കയില്ല. നോമിനേഷൻ സമ്പ്രദായത്തിന്റെ പ്രവർത്തനത്തിൽ ഇവിടെ വന്നുകൂടിയിട്ടുള്ള ചില വിക്രിയകളെക്കുറിച്ചു പലെ മെമ്പർമാരും പറഞ്ഞിട്ടുള്ളതുകൊണ്ടു ഞാൻ അതിനെ വീണ്ടും എടുത്തുപറയണമെന്നു വിചാരിക്കുന്നില്ല. ഈ നിയമസഭയുടെ കഴിഞ്ഞ ബഡ്ജറ്റ് സെഷനിൽ പഞ്ചായത്തുനിയമത്തിലെ നോമിനേഷൻ നിർത്തി റിസർവ്വേഷനാക്കണമെന്നുള്ള വിഷയത്തെമാത്രം പുരസ്കരിച്ചു ഞാൻ ഒരുപക്ഷേപം ഹാജരാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയപ്പോൾ ഈ സഭയിലെ മിക്കവാറും എല്ലാവരും അനുകൂലിക്കുകയും ഇങ്ങിനെ ഒരു ബില്ലുവരട്ടെ എന്നപേക്ഷിക്കുകകൂടിയും ഉണ്ടായി. മദിരാശി സംസ്ഥാനത്തു നോമിനേഷൻ നിർത്തിയിട്ടു ഇപ്പോൾ ഏകദേശം ഏഴു കൊല്ലത്തിലധികമായിരിക്കുന്നു. ഇവിടത്തെ സമ്പ്രദായത്തിൽ ഉള്ള പഞ്ചായത്തുകൾ മദിരാശിയിൽ നടപ്പാകുന്നതിനു ഇരുപതോ ഇരുപത്തഞ്ചോ കൊല്ലം മുമ്പുതന്നെ ഇവിടെ നടപ്പിൽവരുത്തിയിട്ടുള്ളതാണു്. അങ്ങിനെയിരിക്കെ ഇപ്പോഴെങ്കിലാണു് നോമിനേഷൻ നിർത്തൽ ആലോചിക്കേണ്ടിയിരുന്നതു്. അതിനുപകരം മദിരാശിയിൽ നിർത്തി ഏഴെട്ടു കൊല്ലം കഴിഞ്ഞതിനുശേഷം ഇങ്ങിനെയൊരു ബിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ ഈ ബില്ലിനെക്കുറിച്ചു വളരെ സംശയത്തോടെ വീക്ഷിക്കുന്നതിൽ ഞാൻ വളരെ അത്ഭുതപ്പെടുന്നു.

ഇവിടത്തെ നിയമസഭയിൽതന്നെ നോമിനേഷൻ നിർത്തേണ്ട കാലം അതിക്രമിച്ചിരിക്കയാണു്. (ഹിയർ, ഹിയർ). അങ്ങിനെയിരിക്കെ നിയമസഭയ്ക്കു ആളുകളെ അയക്കുന്നതിനു ഒരു ആദ്യപാഠമായിട്ടു പഞ്ചായത്തുതിരഞ്ഞെടുപ്പിലും നോമിനേഷൻസമ്പ്രദായം നിർത്തൽ ചെയ്യേണ്ടതാണു്. ഗ്രാമത്തിന്റെ അഭ്യുദയത്തിനെന്തെ ഇല്ലാതാക്കുന്നതാണു് നോമിനേഷൻ സമ്പ്രദായം. എന്റെ ബിൽ ഒരു പാർട്ടി ബിൽ അല്ല. ഞാൻ ഒരു പാർട്ടിയിലും പ്രതിജ്ഞ ചെയ്ത അംഗവുമല്ല. ഏതെങ്കിലും ഒരു പാർട്ടിയെ സഹായിക്കുവാനോ, ഏതെങ്കിലും ഒരു പാർട്ടിയെ വിരോധിക്കുവാനോ ഉള്ള ഒരു ബില്ലല്ല ഇതു് എന്നു ഇന്നത്തെ വാദപ്രതിവാദങ്ങൾകൊണ്ടു് അറിയാവുന്നതാണു്.

മുമ്പിലാളി മെമ്പരുടെ പ്രസംഗത്തിൽ പഞ്ചായത്തു കോൺഫറൻസിൽ ഇതിലെ ചില വ്യവസ്ഥകളെക്കുറിച്ചു ആലോചിച്ചതായും എതിരായി നിശ്ചയങ്ങൾ പാസ്സാക്കിയതായും പറയുകയുണ്ടായി.

മിസ്റ്റർ വി. കെ. കുട്ടി: പഞ്ചായത്തു കോൺഫറൻസിൽ അവതരിപ്പിച്ച നിശ്ചയത്തിനു അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അതനുസരിച്ചു ഭേദപ്പെടുത്തികൊണ്ടുള്ള ചിലമാറ്റങ്ങളെല്ലാം വരുത്തുകയാണുണ്ടായതു്.

മിസ്റ്റർ സി. വി. ഇയ്യു: അഭിപ്രായവ്യത്യാസം പലതിലുമുണ്ടു്. അഭിപ്രായവ്യത്യാസം വളർച്ചയുടെ ഒരു നല്ല ലക്ഷണമാണു്. (ചിരി). ഇതിലെല്ലാം വളരെവളരെ അത്ഭുതമായ ഒരു സംഗതി നമ്മുടെ ഗ്രാമീണരുടെ ബലഹീനതയ്ക്കാണു്. അതു നാം സമ്മതിച്ചു കൊടുക്കേണ്ടതാണു്. പഞ്ചായത്തിനു എത്രരൂപയുടെ കടമാണു് വരുത്തുന്ന സ്കൂളുകൾ അവർക്കു വിട്ടുകൊടുക്കുകയാണു് വേണ്ടതു്.

മിസ്റ്റർ എ. വി. മൂത്തേടൻ: മുനിസിപ്പാലാറ്റികൾ സ്കൂളുകൾ നടത്തുന്നുണ്ടോ?

മിസ്റ്റർ സി. വി. ഇയ്യു: എല്ലാംതന്നെ സ്കൂളുകളും എല്ലാ ഗ്രാന്റും സ്കൂളുകളും പഞ്ചായത്തിനു വിട്ടുകൊടുക്കണമെന്നാവശ്യപ്പെടുന്നില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസ ഡയറക്ടർ അവർകൾ നടത്തിയ വിദ്യാഭ്യാസ സർവ്വേറിപ്പോർട്ടിൽതന്നെ എല്ലാമലയാളം സ്കൂളുകളും പഞ്ചായത്തുകളുടെ ഭരണത്തിനു വിട്ടുകൊടുക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തേക്കാൾ കൂടുതലായ ഒരു വിദ്യാഭ്യാസ വിദഗ്ദ്ധൻ കൊച്ചിരാജ്യത്തുണ്ടോ എന്നു സംശയമാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മലയാളം പ്രൈമറി സ്കൂൾ എന്നു മാത്രമേപോരൂ.

മിസ്റ്റർ സി. വി. ഇയ്യു: വളരെ കാലമായിട്ടു ഞാൻ പറയുന്നുള്ളു. അങ്ങിനെയുള്ള സ്കൂളുകൾ നടത്തുവാൻ ചില ഘട്ടങ്ങളിൽ പഞ്ചായത്തുകൾക്കു

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷ്യം കൊടുക്കേണ്ടതായി വന്നുകൂടും. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ കാട്ടകമ്പാൽ എന്ന സ്ഥലത്തു ഒരു സ്കൂൾ ഉണ്ട്. ആ സ്കൂൾ നടത്തുവാൻ മാനേജ്മെന്റിനു നിവൃത്തിയില്ലാതെ വന്നഅവസരത്തിൽ സംഗതിവശാൽ ഞാനും കൊടുക്കുവാനും സ്കൂൾ നടത്തുവാനും ആയി ഉണ്ടായതുകൊണ്ട് അതു ഇപ്പോഴും നടന്നവരുന്നുണ്ട്. അല്ലെങ്കിൽ ഗവണ്മെന്റുതന്നെ നേരിട്ട ആ സ്കൂൾ ഏറ്റെടുത്തേണ്ടിവരുമായിരുന്നു. ഏതെങ്കിലും ഒരു ഘട്ടത്തിൽ പൊതുജന ധനശേഖരം ചെയ്തു ഒരു എയിഡഡ് മലയാളവിദ്യാലയം ഏറ്റെടുത്തു നടത്താതെ ഗത്യന്തരമില്ലാതെ വരുന്ന ഒരു സ്കൂൾ സ്ഥാപനം ഏതൊ അതു ഏറ്റെടുക്കണം എന്ന ഉദ്ദേശംകൊണ്ടു മാത്രമാണ് പഞ്ചായത്തുകളുടെ മാനേജ്മെന്റിലേക്കു വിട്ടു കൊടുക്കുവാൻ വിരോധമില്ലാത്ത നിലയിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്. എല്ലാസ്കൂളുകളും കൊടുക്കണമെന്നാവശ്യപ്പെട്ടിട്ടില്ല. തെക്കൻ കണ്ണാടകത്തിലും ബ്രിട്ടീഷിന്ത്യയിലും മറ്റും പഞ്ചായത്തു സ്കൂളുകൾ ധാരാളം നടത്തിവരുന്നുണ്ട്. മലബാറിലും ഇപ്പോൾ പഞ്ചായത്തിലേക്കു സ്കൂളുകൾ വിട്ടുകൊടുക്കുവാൻ പോകുന്നുണ്ട്. അങ്ങിനെയിരിക്കെ ബ്രിട്ടീഷിന്ത്യയിലേക്കാൾ വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നില്ക്കുന്ന കൊച്ചിയിലെ നമ്മുടെ ഗ്രാമങ്ങൾക്കു സ്കൂളുകൾ നടത്തുവാൻ സാധിക്കയില്ലെന്നും ഗവണ്മെന്റു് കൺട്രോളിൽ നടത്തുവാൻ പ്രയാസമുണ്ടെന്നുമുള്ള വാദം തീരെബാലിശമാണ്. വിദ്യാഭ്യാസകോഡ് ഭേദഗതി ചെയ്യുവാൻ പോകുന്നതനുസരിച്ചു ട്യൂഷൻഫീസ് മാനേജർക്കും, കണ്ടിൻജൻസി മാസ്റ്റർമാർക്കും ഉള്ളതു കിട്ടുന്നപക്ഷം എന്തുകൊണ്ടു് നമ്മുടെ പഞ്ചായത്തുകൾക്കു സ്കൂളുകൾ നടത്തിക്കുടെന്നാണ് ഞാൻ ചോദിക്കുന്നതു്?

പഞ്ചായത്തു കോടതിയുടെ സ്വല ഒരു കി. യിൽനിന്നും രണ്ടു കി. യാക്കി ഉയർത്തണം എന്നുള്ള അഭിപ്രായക്കാർ ധാരാളമുണ്ട്. ഇപ്പോൾ, ഒരു കി. വരെയുള്ള കേസുകൾ അപ്പീലബിൾ അല്ല, റിവിഷൻ കൊടുക്കുവാനെ ഉള്ളു. പക്ഷെ എല്ലാവിധികളിന്മേലും അപ്പീൽ കൊടുക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നതു പഞ്ചായത്തു കോടതികളിലെ വിധികളെ സംബന്ധിച്ചിടത്തോളവും, ഞാൻ പരിചയിച്ചിട്ടുള്ളിടത്തോളവും, ഉള്ള നാട്ടിൻപുറങ്ങളിലുള്ളവരുടെ അഭിപ്രായമനുസരിച്ചാണ്.

നോമിനേഷനെപ്പറ്റി വീണ്ടും പറയുന്നപക്ഷം ബ്രിട്ടീഷിന്ത്യയിൽ മദിരാശി സംസ്ഥാനത്തിൽ നോമിനേഷന്നു അർഹതയുള്ളതായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സമുദായങ്ങൾ താഴെ പറയുന്നവയാണ്:— മുസ്ലീം, ഇന്ത്യൻ ക്രിസ്ത്യൻ, അധഃകൃതൻ എന്നീ സമുദായക്കാർക്കാണ്. അധഃകൃതരുടെ പ്രാതിനിധ്യത്തിൽ പല ജാതിക്കാരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തു ഭേദഗതി ബില്ലിലും അധഃകൃതരുൾപ്പെടുന്ന എല്ലാസമുദായക്കാരും ഉൾപ്പെടും. ഈ നാട്ടിൽ മുന്നിട്ടുനില്ക്കുന്ന സമുദായങ്ങളായ ഹിന്ദുക്കളിൽ ഉയർന്ന ജാതിക്കാർക്കോ നാട്ടുസ്ത്രീനികൾക്കോ ഒരു വില്ലേജിലും പ്രാതിനിധ്യം കൊടുക്കണമെന്ന അഭിപ്രായം എനിക്കില്ല. പിന്നെ ഈഴവർ റിസർവ്വേഷൻ സമ്പ്രദായമാണ് അവർക്കു ഈ കാര്യത്തിൽ ആവശ്യമെന്നു വാസ്തവത്തിൽ തുറന്നുപറയാത്തതാണ് അബദ്ധം.

മിസ്റ്റർ കെ. അയ്യപ്പൻ: റിസർവ്വേഷൻ ആകാമെന്നു പറഞ്ഞുവല്ലൊ.

മിസ്റ്റർ സി. വി. ഇയ്യു: തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ അടുത്ത സമയത്തുണ്ടായ വിപ്ലവങ്ങളിൽ Adult franchise നടപ്പിൽ വരുന്നതുവരെ മാത്രം പൊതുസ്ഥാപനകളിൽസാമുദായിക പ്രാതിനിധ്യനിയമങ്ങൾ ഇപ്പോഴത്തെപ്പോലെ നിലവിലുണ്ടായിരിക്കണമെന്നാണ് അവർ പറഞ്ഞിട്ടുള്ളതു്. നമ്മുടെ നാട്ടിൽ പഞ്ചായത്തു തിരഞ്ഞെടുപ്പുകൾക്കു ഇപ്പോൾ Adult franchise

LIBRARY ARCHIVES Kerala Legislative Assembly

ആണ് നടപ്പിൽ ഉള്ളത്. എന്നാൽ ഇങ്ങിനെയുള്ള സംഗതികളിൽ ഈഴവരെപോലെയുള്ള ഭൂരിപക്ഷ സമുദായങ്ങൾ മറ്റു ന്യൂനസമുദായങ്ങൾക്കുകൂടി ഇതുപോലെ റിസർവ്വു ചെയ്യുകൊടുക്കുവാൻ ആവശ്യപ്പെടുമോ എന്നു ഞാൻ സംശയിക്കുന്നു. ഒരു സമുദായം എന്തെങ്കിലും ആവശ്യപ്പെട്ടാൽ ചെയ്തുകൊടുക്കുന്നതിന്നു എനിക്കു തടസ്ഥമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: പലയക്കും മാറും റിസർവ്വേഷൻ നല്ലതാണോ?

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട മന്ത്രി അവർകൾ താഴെവരും വിധം പറയുകയുണ്ടായി:—"ചില സ്ഥലങ്ങളിൽ ക്രസ്ത്യാനികളായിരിക്കും ന്യൂനപക്ഷക്കാർ, ചില സ്ഥലങ്ങളിൽ സവർണ്ണഹിന്ദുക്കളായിരിക്കും ന്യൂനപക്ഷക്കാർ" അതിന്നു സമാധാനം പറയാം. ബ്രിട്ടീഷിൽ പൊന്നാനി എന്ന സ്ഥലത്തു മുസൽമാന്മാർ അധികമാണ്. കോഴിക്കോട്ടും വളരെ അധികം മുസ്ലീമുങ്ങളും ഉണ്ട്. ഏറനാടു താലൂക്കിലും മുസ്ലീമുങ്ങളാണ് അധികമുള്ളതു്. ആ ഒരു കാരണം വെച്ചുകൊണ്ടു അവിടെയെല്ലാം മുസ്ലീമുങ്ങൾക്കു സീറ്റു റിസർവ്വ് ചെയ്യാതിരുന്നിട്ടില്ല. ബ്രിട്ടീഷിന്ത്യയിലെ ആക്ടിൽ ചില വ്യവസ്ഥകളെല്ലാമുണ്ട്. ആ ആക്ടപ്രകാരമാണു് ഈ ബിൽ ഞാനിവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു കായ്ക്ഷമമായ വല്ല ഭേദഗതികളും വേണമെങ്കിൽ നിയമസഭ വഴിക്കോ സിലക്ടു കമ്മറ്റി വഴിക്കോ കൂലങ്കഷമായി ആലോചിച്ചു തീരുമാനം വരുത്താവുന്നതാണ്. ഉയന്നിലയിലുള്ള ഒരു സമുദായം ഒരു സ്ഥലത്തു ന്യൂനപക്ഷമാണെന്നുള്ള കാരണത്തിന്മേൽ ആ സമുദായത്തിന്നു പ്രത്യേകം പ്രാതിനിധ്യം കൊടുക്കണമെന്നു അഭിപ്രായം എനിക്കില്ല. അധഃകൃത മെമ്പർ ഇപ്രകാരം പറയുകയുണ്ടായി:—"ഇപ്പോൾ ൾെ ക. നികുതി വെച്ചിട്ടുള്ളതു കൊടുക്കുവാൻ കഴിവുള്ളവർ അധഃകൃതരിൽ ഉണ്ടാകയില്ല. അതുകൊണ്ടു് അധഃകൃതക്കു നികുതിയോഗ്യത കുറച്ചുകിട്ടണം". മുമ്പു പഞ്ചായത്തു തിരഞ്ഞെടുപ്പിന്നു നില്പാനുള്ള നികുതിയോഗ്യത ൫ രൂപയായിരുന്നു. അതു് കുറഞ്ഞാണ് ഇപ്പോൾ ൾെ രൂപയായിട്ടുള്ളതു്. പഞ്ചായത്തു വോട്ടവകാശം വിപുലമാക്കുന്നകാര്യം ഇതിന്നുമേൽ നീട്ടാൻ വിഷമമാണ്. അതുകൊണ്ടു് ഈ ആക്ടിൽ ഇങ്ങിനെയുള്ള സംഗതികളും ആലോചിച്ചേകഴിയൂ എന്നില്ല. ഇപ്പോൾ നിലവിലുള്ള ആക്ടിൽ നോമിനേഷൻ ഉണ്ടെങ്കിലും നികുതി യോഗ്യത ഇരുവേണമെന്നു ഒരു വരിയിലും പറഞ്ഞിട്ടില്ല. ശവമ്മെണ്ടിന്നു രൂപം നിശ്ചയിക്കുന്നതിന്നുള്ള അധികാരമുള്ളതുകൊണ്ടു് ആ രൂപം അനുസരിച്ചു പ്രവൃത്തിക്കാവുന്നതാണ്. അധഃകൃതക്കു Adult franchise-ൽ തിരഞ്ഞെടുപ്പിന്നു നില്പാൻ യോഗ്യത വേണമെന്നു ശവമ്മെണ്ടു് രൂപം.....

മിസ്റ്റർ കെ. പി. മേള്ളാൻ: അതു ഈ ബില്ലിൽ വരുത്തുവാൻ സാധിക്കയില്ല.

മിസ്റ്റർ സി. വി. ഇയ്യു: അങ്ങിനെയുള്ള ചില്ലറ ഡീറ്റെയിൽസ് ഒന്നും ബില്ലിൽ വേണമെന്നില്ല. അതെല്ലാം ചട്ടങ്ങൾ രചിപ്പെടുത്തിയാൽ മതി.

മെമ്പർമാരുടെ എണ്ണം അഞ്ചിൽനിന്നു ഏഴാക്കിയാൽ പഞ്ചായത്തു് എന്ന വാക്കു് മിശ്രമാകുമെന്നു് മന്ത്രിയവർകൾ പറയുകയുണ്ടായി. മട്ടാഞ്ചേരിൽ പതിനാറു മെമ്പർമാർ ഉണ്ടു്. ചില സ്ഥലങ്ങളിൽ കുറഞ്ഞതു് എട്ടു മെമ്പർമാരെങ്കിലും ഉണ്ടായിരിക്കും. അതുപോലെ ഇവിടേയും റിസർവ്വേഷൻ നടപ്പിൽ വരുമ്പോൾ ചെറിയ ചെറിയ സമുദായങ്ങൾക്കു് പ്രാതിനിധ്യം വേണമെന്നു് ആവശ്യപ്പെടാവുന്നതുകൊണ്ടു് ൭ എന്നു വെച്ചിട്ടുള്ളതല്ലാതെ ഞാൻ അതു് ക്രസ്ത്യാനികളുടെ ഏഴു് Sacraments-നെ ഉദ്ദേശിച്ചല്ല ചെയ്തിട്ടുള്ളതു്. അതുപോരെങ്കിൽ ൯ ആക്കുവാനും അധികമാണെങ്കിൽ ൩ ആക്കു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു എനിക്ക് വിരോധമില്ല. ഗവൺമെൻറിന്റെ യുക്തംപോലെ എണ്ണം കൂട്ടുകയോ കുറക്കുകയോ ആകാം. ഈ ബില്ലിനെ എതിർത്ത എല്ലാ മെമ്പർമാരും ഗവൺമെൻറും വാക്കാൽ കരാർ കേസ്സുകളെ പഞ്ചായത്തു കോടതികളുടെ അധികാരസീമയിൽനിന്നും ഒഴിവാക്കാനുള്ള എന്റെ ഭേദഗതിയെ പറ്റി മറുപടി പറയുകയുണ്ടായില്ല. വാക്കാൽ കരാറുപ്രകാരമുള്ള കേസ്സുകൾ എടുത്തുകഴിഞ്ഞാൽ പിന്നെ പഞ്ചായത്തുകൾക്ക് ജോലി ഒന്നും ഉണ്ടാകയില്ല. ഞാൻ അന്വേഷിച്ചതിൽ വടക്കെ ഡിവിഷനിൽ ക്ലാ ൦-ക്ക് ൯൦-ം കേസ്സുകൾ വാക്കാൽ കരാറുപ്രകാരമുള്ളവയാണ്. തെക്കെ ഡിവിഷനെപ്പറ്റി എനിക്ക് നിശ്ചയമില്ല. ആ ൯൦ കേസ്സുകളിൽ വൻ-ം തള്ളുകയാണെന്നും ചില പഞ്ചായത്തു ജഡ്ജിമാർ എന്നോട് പറയുകയുണ്ടായി, അതു പോയതുകൊണ്ട് നിതിന്യായ നടപടിക്കു വലിയ ബുദ്ധിമുട്ടുവരുമെന്നു എനിക്ക് തോന്നുന്നില്ല.

മൂന്നു കൊല്ലത്തെ കാലാവധി ൫ കൊല്ലമാക്കിയിരിക്കുന്നതിനെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ ൫ കൊല്ലം ആക്കിയതുകൊണ്ട് പഞ്ചായത്തിന്റെ കാര്യക്ഷമതക്കു കുറവുവരുമെന്നോ മറെറന്തെങ്കിലും തരക്കേടുവരുമെന്നോ വിശ്വസിക്കുന്ന ആളല്ല ഞാൻ. ബഹുമാനപ്പെട്ട തോട്ടക്കാരുടെ പ്രതിനിധിയുടെ അഭിപ്രായത്തിൽ കക്ഷി വഴക്കുകളും മറും ധാരാളമായി പഞ്ചായത്തു തിരഞ്ഞെടുപ്പുകൾമൂലം നാട്ടുപുറങ്ങളിൽ ഉണ്ടാകുന്നുണ്ടത്രെ. അതുകൊണ്ടതന്നെയാണ് കാലാവധി ൫ കൊല്ലമാക്കണമെന്നുള്ള എന്റെ ആവശ്യം. ഗവൺമെൻറിനും എന്റെ ബില്ലിൽ വളരെ അനിയന്ത്രിതമായ അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. എതെങ്കിലും പഞ്ചായത്തുകൾ തകരാറുകൾ കാണിക്കുന്നുണ്ടെങ്കിൽ ഗവൺമെൻറിനു അവരെ പിരിച്ചുവിടാൻ ധാരാളം അധികാരം ഉണ്ടല്ലോ? കള്ള വെത്തുന്നയാൾ പഞ്ചായത്തു മെമ്പറാകുന്നതിനെക്കുറിച്ച് മുകുന്ദപുരം മെമ്പർ മറുപടി പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ അധികമൊന്നും പറയുന്നില്ല. കന്നുകാലി ആക്രമ നിയമമനുസരിച്ചുള്ള കേസ്സുകൾ പഞ്ചായത്തു കോടതിയുടെ പരിധിയിൽപ്പെടുത്തിയിട്ടുള്ളതാണ് ഇതിലെ മറെറാരു ഭേദഗതി. ഇതു് വാസ്തവത്തിൽ നാട്ടിൻ പുറങ്ങളിലെ കർഷകന്മാരുടെ അഭിപ്രായപ്രകാരമാണ് ഞാൻ കൊണ്ടുവന്നിട്ടുള്ളതു്. ഇന്ത്യാരാജ്യത്തു് പശുക്കളെകൊണ്ടുള്ള ഉപയോഗത്തെക്കുറിച്ച് പൊതുവെ വിവരിച്ചിട്ടുള്ളതായ മിസ്സ് മേയൊ എഴുതിയിട്ടുള്ള 'Mother India' എന്ന പുസ്തകത്തിൽ the Indian cow എന്ന അദ്ധ്യായം വായിച്ചു നോക്കണമെന്നാണ് മഹാത്മാ ഗാന്ധിതന്നെ ഇന്ത്യാക്കാരോടു് പറയുന്നതു്. അതിലെ ഒന്നരണ്ടദ്ധ്യായങ്ങളിൽ ഇന്ത്യയിലെ അനുപമേയമായ പശുക്കളെക്കുറിച്ച് വിവരിച്ചിട്ടുള്ളതാണ്. കൊച്ചിരാജ്യത്തു വിശേഷിച്ച് വടക്കൻ പ്രദേശങ്ങളിൽ ഉള്ള പശുക്കൾ വിളവു തിന്നുന്നതിനായിട്ടു മാത്രം വെച്ചിരിക്കുന്നവയാണ്. അതിനുള്ള നഷ്ടം കിട്ടണമെങ്കിൽ കർഷകന്മാർ മുൻസിഫ് കോടതിയിൽ കേസ്സു കൊടുക്കണം. ഇങ്ങിനെ രണ്ടും മൂന്നും ഉറുപ്പികക്കുവേണ്ടി കേസ്സു കൊടുക്കുവാൻ അവർക്കു സാദ്ധ്യമല്ല. കന്നുകാലികളെ ഗവൺമെൻറ് ആലയിൽ കൊണ്ടുപോയി കെട്ടുകയാണെങ്കിൽ വില്ലേജ് മേനവനും പാശ്ചാത്യക്കാരനും ഗവൺമെൻറിനും വല്ലതും കിട്ടുമെന്നല്ലാതെ കർഷകന് വിളവുനഷ്ടം സഹിക്കുതന്നെ നിവൃത്തിയുള്ളൂ. ഇതിനുള്ള ഏക പരിഹാരമായിട്ട് നഷ്ടത്തിനു പഞ്ചായത്തു കോടതിയിൽ കേസ്സു കൊടുക്കണമെന്നാണ് ഞാൻ പറയുന്നതു്. ഇപ്പോഴത്തെ നിയമപ്രകാരം പഞ്ചായത്തു പ്രസിഡൻറിനു് ഉടൻ ഹർജ്ജിക്കുള്ള അധികാരമുണ്ട്. ഈ അധികാരവും കൂടി കൊടുക്കുന്നപക്ഷം കർഷകനു വിളവു നഷ്ടം കിട്ടുവാൻ ചെയ്യുന്ന ഒരു ഏളുപ്പമാർഗ്ഗമാണ് ഞാൻ വിവക്ഷിച്ചിട്ടുള്ളതു്. അതു് ഏറവും ഗണ്യമായ ഒരു പുണ്യവുമായിരിക്കും.

ബഹുമാനപ്പെട്ട മന്ത്രി അടുത്തുതന്നെ ഒരു പഞ്ചായത്തു നിയമം കൊണ്ടു വരുവാൻ ആലോചിക്കുന്നു എന്നു് പറയുകയുണ്ടായി. മഹാരാജാവു തിരുമനസ്സിലെ തിരുനാൾ പ്രതിയായിട്ടു് 'മട്രാസ്സ്' മെയിലിൽ' എഴുതിയിരുന്ന ലേഖനത്തിൽ ഇതിനെപ്പറ്റി അദ്ദേഹം പറഞ്ഞിട്ടുണ്ടെയിരുന്നു. അതേരീതിയിലാണു് എല്ലാ പഞ്ചായത്തുകളും രൂപീകരിപ്പാൻ ശ്രമിക്കുന്നതെങ്കിൽ ജനാധിപത്യത്തെ അനുകൂലിക്കുന്ന ഞങ്ങളൊക്കെ അതു് എതുക്കാതിരിക്കയില്ല. ഒരു പഞ്ചായത്തു മാത്രം മുഴുവനും നോമിനേറ ചെയ്തു് പരീക്ഷിച്ചു നോക്കിയാൽ അതു് ഒരുപക്ഷെ കാര്യക്ഷമതക്കു പറ്റിയതായിരിക്കാം. ഇപ്പോൾ നടന്നുവരുന്ന രീതിയെപ്പറ്റി മാത്രമെ എനിക്കു് ഇപ്പോൾ പറയുവാൻ നിവൃത്തിയുള്ളു. തിരഞ്ഞെടുപ്പധികാരം ജനങ്ങൾക്കു വിട്ടുകൊടുത്തിരിക്കുമ്പോൾ ജനങ്ങൾ എങ്ങിനെയാണു് പൂർണ്ണ അധികാരം വാങ്ങിച്ചു ഭരിക്കുകയെന്നു കണ്ടുതന്നെ അറിയേണ്ടതാണു്. പ്രത്യേകിച്ചു ഒരു മോഡേൺ പഞ്ചായത്തു് ഉണ്ടാക്കേണ്ട ആവശ്യത്തിനു വേണ്ടിയാണു് എല്ലാവരേയും നോമിനേറ ചെയ്യുന്നതെങ്കിൽ എനിക്കു് അതിനെക്കുറിച്ചു് ഇപ്പോൾ അധികമൊന്നും പറയാനില്ല. അതല്ല കൊച്ചിരാജ്യത്തെ എല്ലാ പഞ്ചായത്തുകളും അതേമാതിരി 'മോഡത്തിൽ' നടത്തുവാനാണെങ്കിൽ.....

മിസ്റ്റർ എം. കെ. മേനോൻ: വരാൻപോകുന്ന ബില്ലിനെപ്പറ്റിയാണൊ പറയുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: അതെ. ഈ article വായിക്കുമ്പോൾ അങ്ങിനെതോന്നുകയുള്ളു എന്നു തോന്നും. ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള രീതി നാട്ടിൻപുറങ്ങളിലുള്ള ആളുകളുടെയെല്ലാം അഭിപ്രായം അറിഞ്ഞുകൊണ്ടുള്ളതാണു്. ഞാൻ ഒരു പഞ്ചായത്തു മെമ്പർ ആയിരുന്നിട്ടില്ല. പഞ്ചായത്തുകാര്യങ്ങളിൽ എപ്പെട്ടുള്ള പരിചയവും എനിക്കില്ല. പഞ്ചായത്തുകാര്യങ്ങളിൽ എപ്പെട്ടു ഉണ്ടോഷങ്ങൾ ധാരാളം അനുഭവിച്ചിട്ടുള്ളവർ എന്നോടു പറഞ്ഞിട്ടും ഈ വക കാര്യങ്ങളും എന്നാൽ കഴിയുന്നതും ആലോചിക്കുകയും പഠിക്കുകയും ചെയ്തിട്ടു പ്രത്യേകിച്ചു് ഒരു കക്ഷിയുടെ സഹായവും അഭ്യർത്ഥിക്കാതെയും ഈ നിയമസഭയുടെ സമ്മതസ്സിനായി ഞാൻ കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണിതു്. ഈ ബില്ലിൽ എന്തെങ്കിലും ഭേദഗതി വരുത്തണമെന്നുണ്ടെങ്കിൽ അതു് സിലക്ട് കമ്മിറ്റിയിൽ വെച്ചു് ചെയ്യാവുന്നതാണു്. ഈ സഭയുടെ ഇന്നത്തെ നില കണ്ടിട്ടു് എനിക്കിതിൽ നല്ല വിശ്വാസം തോന്നുന്നില്ല; കൊച്ചി രാജ്യത്തിന്റെ അന്തസ്സിനും ഈ സഭയുടെ ബഹുമാനത്തിനും കൊച്ചി രാജ്യത്തിലെ ജനങ്ങളുടെ പൊതുബോധത്തിനും വേണ്ടി ഈ ബിൽ സ്വീകരിക്കണമെന്നു വീണ്ടും ഈ സഭയോടപേക്ഷിക്കുന്നു.

*Dr. A. R. Menon (*Minister for Rural Development*): Sir, I request the House to realise that the Panchayats in this State have attained a degree of development, power and influence which I do not think is reached in any other place within my limited knowledge. I do not for a moment deny that this work has been done mainly by the responsible gentlemen who came as Panchayat Presidents. The implications put upon that article referred to by the hon'ble member is that that was the result of the opinions of the Panchayat Presidents themselves viz., that they are finding it difficult to manage the

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Panchayats because of the quarrels that occur every now and then, due to these nominations. I am willing to give privately the names of the Panchayat Presidents themselves who were instrumental in forming such an opinion. When I heard their experiences, I simply said that this is a question which would receive the attention of the Panchayatdars themselves. That is what is written in that article and I am sure if my friend will go through this article, a second time, that will also be his opinion. But each one is at liberty to form his own opinion in a matter. In this case we formed one opinion and my friend another. Probably it may be due to a misreading or due to a misunderstanding. It is liable in the case of an article that one reader may mean something and another reader a different thing.

Then again, my friend Mr. Panickar was referring to the nominations to the Kozhinjampara Panchayat. The method of nomination used to be that when the Inspector recommends 2 names, if the Director of Public Health and Panchayats is not satisfied with them, he might ask another name. Then nominations were used to be made. The result has been that the Inspector became the absolute authority in the matter of nominations. To all intents and purposes, though the nominations are madeby the Director of Public Health and Panchayats, the real man who nominates happened to be the Inspector. We want to put an end to that and we suggest to send a number of names to the Director of Public Health and Panchayats who will recommend the names for nomination, and at the same time he will be submitting the list of names given by the Inspector and also the names submitted through petitions, so that there may be 6 or 7 names from which we have to make the selection. If there is any difference of opinion between the Panchayat Inspector and the Director of Public Health and Panchayats and the Office which sometimes submits a note, the names are thoroughly scrutinised and the selections are made. If there is no difference of opinion, then the recommendations are accepted. Sometimes even in such cases, these recommendations will not be accepted, for I am anxious that the responsibility of nomination must rest with the Minister and not with the Director of Public Health and Panchayats so that the Minister must be the target of attack in this House and not the Head of the Department. In the very nature of things, even if an archangel were to come in this world and make nominations, there will be criticisms because there will be disappointments to some who were not nominated. Therefore, I thought that the proper policy of the Department shall be to let the onus

LIBRARY ARCHIVES Kerala Legislative Assembly

of responsibility for making the selection rest with the Minister so that a portion of the House may not be angry with the Head of the Department. I am anxious that the Department must not be attacked and that it is my share to receive the hostile criticisms of this House. If I am to receive criticisms, I must have a final voice in the matter. Therefore the position is that for every nomination, the responsibility must be traced to the Minister and not to the Director of Public Health and Panchayats or to the Panchayat Inspector. I have the authority to set aside their recommendations and the final result is my own handling. Any member who has got the time or the inclination to come to me may give me previous information, and the lists of nominations shall be placed before him and I shall show him the method of selection.

I challenge you, that you will not be able to find fault with me. I shall be able to give a substantial reason in a few cases where a departure has been made. Now take the case of Kozhinjampara. There were two vacancies to be filled up by nomination. Three names were recommended, two by the Department of Public Health and one by a petition of the people living there. The persons referred to in the petition was nominated. The second was a Nayar belonging to my own house. Mr. Paricker himself raised an objection with regard to the other because he was a relation of the Joint Secretary in the fifth generation and had the misfortune to be recommended for nomination. I understood from that even far distant relations, as we are all related to Adam and Eve, should not be nominated. I learned a lesson from that. Though the Department of Public Health has done the right thing, in the interests of the Department itself, I thought wherever possible I was bound to respect the wishes of the House. Since the House has shown its disinclination for a nomination of a distant relation of the Joint Secretary, will I be justified in nominating my own nephew?

**Mr. K. S. Panicker** (*Ezhuvas-Mukundapuram*): Not in your party.

**Dr. A. R. Menon** (*Minister for Rural Development*): Are you not a party? I do not like that sort of a thing. What is the number of population of the Nayars there? Did you make enquiries? It is 33. The Nayars are living there professionally and they require a nomination. Is that not so? I say I will not nominate a Nayar or a Christian unless there is a specific minority in their cases. Things are different in other cases. Perumannans have been nominated where they are only 150.

LIBRARY ARCHIVES Kerala Legislative Assembly

My contention is that though the Nayars are in a minority, they have more influence in the locality. They could have got their selection in election instead of getting through the back door by nomination. Suppose, I nominated my nephew. Will you not ask who the man is, is he not related to you, etc ? Do you think I am such a fool as to fall into your hands? Therefore before you begin to talk upon a matter you must study the question properly.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഒരു നായർ കൂടാതെ വേറെ നായന്മാർ ഉണ്ടോ ?

**Dr. A. R. Menon** (*Minister for Rural Development*): I got only three names.

മിസ്റ്റർ ടി. കെ. നായർ: അവിടെ ഒരു നായർ വേണം എന്ന അഭിപ്രായം മിനിസ്റ്റർക്കുണ്ടായിരുന്നില്ലെ ?

ഡാക്ടർ എ. ആർ. മേനോൻ: ആരും ഉണ്ടായിരുന്നില്ല.

മിസ്റ്റർ ടി. കെ. നായർ: അവനവന്റെ വീട്ടിൽ ഉള്ള ആളായതുകൊണ്ടാണോ ?

* **Dr. A. R. Menon** (*Minister for Rural Development*): I got that information later on. I got the list to know whether I committed any blunder. Then I found that there were only 33 Nayars.

മിസ്റ്റർ ടി. കെ. നായർ: അവനവന്റെ വീട്ടിൽ ഉള്ള ആളുടെ പേരു കണ്ട അവസരത്തിൽ അയാളെ നോമിനേറ് ചെയ്യില്ലെങ്കിൽ ഉടനെ വേറെ ആളെ നോമിനേറ ചെയ്യാനായി കടലാസ്സ് അയച്ചിട്ടുണ്ടോ ?

***Dr. A. R. Menon** (*Minister for Rural Development*): I know the locality more than you do. When I give a statement in the House I must have some confirmation. To get at the truth I got the census of that constituency because there was a question already put to be answered by the member for Chittur. I wanted to arm myself with the necessary information and I therefore asked my friend, the Diwan Peishkar, to get for me the number of people there. I hope I have explained the position. That is the only objection I have heard. If there is any other objection in the Council or privately I shall be able to meet all these objections and I think any reasonable man will think that I have done everything in the interests of the Panchayat.

There is only one other point more on which I want to speak, that is reservation. There is another difficulty about reservation. I say this so that you may think over the subject.

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

The selection of the candidate is decided after the election. Sometimes an Ezhuva candidate has a chance of getting this election. He might have been defeated in the election. Suppose an Ezhuva succeeded in the election. Then we will have to nominate some other candidate. It is therefore difficult to say what reservations should be given to each constituency. Otherwise we could at least modify to some extent. In some Panchayats it is reserved for an Ezhuva and in others to Perumannans. I mention this so that the members may think over this matter and if you give a possible method of reservation I do not think the Government will have any objection to consider. In Madras there are only three communities recognised for reservation, Muslims Depressed Classes and Christians. In Malabar the Christian population is rather poor. Most probably we can do away with the reservation for Christians and caste Hindus. Then do you want to reserve seats only for Muslims and Depressed Classes? These are questions which you have to consider There is no use of saying that we should follow the principle of reservation. I myself have once moved about this, and even now think that it is the proper way. But there is some difficulty, and if you are in a position to advice me how to get over the difficulty, that advice will be heeded to.

**Mr. C. V. Iyyu** (*Kunnamkulam*): I am quite satisfied with the attitude of the House. I beg leave of the House to withdraw the Bill.

*The motion was, by leave, withdrawn.*

## The Cochin Income-tax Act Amendment Bill.

ശ്രീ. സി. വി. അയ്യു: കൊച്ചി ആദായനികുതി ബിൽ എന്ന ഈ ബില്ലിന്റെ കരടിന്മേൽ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതായി ഞാൻ അവതരിപ്പിച്ചല്ലോ. ഇതേ ഭേദഗതിയായി ഞാൻ അവതരിപ്പിച്ച ഈ ബില്ലാണ് ഇപ്പോൾ ഭൂരിപക്ഷം അവതരിപ്പിക്കുന്നത്. ഇന്നു രാവിലെ ഏതോ പത്രത്തിൽ ഞാൻ ഒരു പ്രസ്താവന കണ്ടു. അതിൽ പ്രധാനപ്പെട്ട അഭിപ്രായം ഇന്നത്തെ ഭരണത്തിലെ ഈ വ്യവസ്ഥകളെപ്പറ്റി ഞാൻ ഇന്നു ഇവിടെ ഉദ്ധരിച്ചിരിക്കുന്നു. ഈ വ്യവസ്ഥ അടിയന്തരമായി ഭേദഗതിചെയ്യണമെന്നു ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നു. ബിൽ പ്രസിദ്ധപ്പെടുത്തുന്നു. ഇപ്രകാരം പറഞ്ഞു.

"The tendency of all modern Governments is to levy the maximum amount of tax on the richer classes who can afford to bear the burden and I have no doubt that this Council would welcome the step that we have taken in this direction".

ഈ പ്രസ്താവനയിൽ ഈ ബിൽ അവതരിപ്പിച്ചതിനെപ്പറ്റി ചില വാദപ്രതിവാദങ്ങൾ ഈ കൗൺസിലിൽ ഉണ്ടായി. കൂടുതൽ ബിൽ പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പ് പറയേണ്ടതുകൊണ്ടു പറഞ്ഞു" എന്ന വാദപ്രതിവാദത്തെപ്പറ്റി ഞാൻ പ്രസ്താവിച്ചു.

LIBRARY ARCHIVES Kerala Legislative Assembly